3904

Register Number | | | | | |

## Language — MALAYALAM — Paper I

( Poetry and Prose )

Time Allowed : $2\frac{1}{2}$ Hours ] [ Maximum Marks :100

I. ഏതെങ്കിലും മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക :

$3 \times 5 = 15$

1. "പുന്നാമമാകും നരകത്തിൽ നിന്നുടൻ
തന്നുടെ താതനെ ത്രാണനം ചെയ്കയാൽ
പുത്രനെന്നുള്ള ശബ്ദം വിധിച്ചു ശത -
പത്ര സമുദ്ഭവനെന്നതറിക നീ."

2. കുന്നുതന്നടിയിലെത്തവേ സ്വയം
നിന്നുപോയ് ഝടിതി ചിന്തപൂണ്ടപോൽ
എന്നുമല്ല ചെറുതാർത്തിയാർന്നവാ -
റൊന്നുവീർത്തു നെടുതായുടൻ യതി.

3. ശ്രീ കോവിൽ നടയതാ തുറന്നൂ; പുതിയൊരു
ലോകമിതേതോ ഹന്ത! ശോഭനം തേജോമയം!
കർമ്മസാക്ഷിയാം ദേവൻ പടിഞ്ഞാറുദിച്ചിതോ
കമ്രനക്ഷത്രവാന മേകത്ര കൂടിച്ചേർന്നോ !

4. ചരണചാരിയായനന്തരം ദേവ -
നരമനയിലേക്കെഴുന്നരുളവേ
പകച്ചു നോക്കുന്ന ജനപ്രകരത്തിൽ
മികച്ചൊരാശ്ചര്യമലയടിക്കയായ്.

5. പാവമാം 'തൊട്ടാവാടി' പ്പൂവിട്ടാലതിൻ പന്തി -
ക്കേഴഴകെന്നും ഞങ്ങളറിഞ്ഞാരാഹ്ലാദിച്ചാർ
നീളുന്ന മൂളയില കരയായ് നിരത്തിയാൽ
പീലി പോലലങ്കാരമെന്നതു മറിഞ്ഞന്നാൾ.

[ Turn over

II. എട്ട് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും മൂന്നോ നാലോ വരിയിൽ കവിയരുത് : $8 \times 2 = 16$

6. ഭരതനെ രാജാവായി അഭിഷേകം ചെയ്യുന്നതിനെക്കുറിച്ച് ശ്രീരാമൻ പറയുന്നതെന്ത് ?

7. യുവയോഗിയെ കവി അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ ?

8. കവി ഗുരുവായൂരിലെ സന്ധ്യയെ വർണ്ണിക്കുന്നത് എങ്ങനെ ?

9. എന്തിനാണ് രഥം നിർത്തിയത് ?

10. ഗാമ ക്ഷീണമകന്ന് നിവർന്നിരുന്നതെപ്പോൾ ?

11. മകനെ സംസ്കരിച്ച മണ്ണിൽ മാമ്പഴം വെച്ചുകൊണ്ട് അമ്മ പറഞ്ഞത് എന്തെല്ലാം ?

12. കേരളീയരുടെ ആതിഥ്യമര്യാദയെ കുറിച്ച് കവി പറയുന്നതെന്ത് ?

13. കാലിലെ വിള്ളലുകളോട് കവിക്കുള്ള മനോഭാവമെന്ത് ?

14. വൃദ്ധന്റെ കയ്യിൽ നിന്ന് നാണ്യങ്ങൾ വീഴാൻ കാരണമെന്ത് ?

15. പൂവിടുന്നതിനു പുറമേ ഏതെല്ലാം കാര്യങ്ങളിലാണ് കുട്ടികൾ അമ്മയേയും മുത്തശ്ശിയേയും ജയിച്ചുവെന്നു കരുതുന്നത് ?

III. താഴെ കൊടുത്ത പദ്യഭാഗം പൂരിപ്പിക്കുക : ( ഒന്ന് മാത്രം ) $1 \times 10 = 10$

16. "നല്ല ഹൈമവത ..................... ജയിച്ചതും."

17. "അങ്കണത്തൈമാവിൻ ......................... ക്കുരുന്നേ ! നീ."

IV. ഒന്നിന് പതിനഞ്ചു വരിയിൽ ഉത്തരമെഴുതുക : $1 \times 7 = 7$

18. ശ്രീരാമനും കൈകേയിയും തമ്മിലുണ്ടായ സംഭാഷണം സ്വന്തം വാക്യത്തിൽ സംഗ്രഹിക്കുക ?

19. 'മാമ്പഴം' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക ?

20. 'എന്തിനീ നീരസം' എന്ന കവിതയ്ക്ക് ഒരു ഉപന്യാസം തയ്യാറാക്കുക.

21. പെരിന്തല മണ്ണ ബസ്സ്സ്റ്റാന്റിൽ കവിക്കുണ്ടായ അനുഭവം വിവരിക്കുക ?

V. അർത്ഥമെഴുതുക : $10 \times 1 = 10$

22. നൃപതി

23. പാന്ഥൻ

24. രമ്യം

25. പാദപം

26. അവനി

27. കമനീയം

28. ഉദാസീനത

29. അവലംബം

30. തൃഷ്ണ

31. പ്രസന്നത

VI. **അഞ്ചെണ്ണത്തിന്** മൂന്നോ നാലോ വരിയിൽ ഉത്തരം എഴുതുക : $5 \times 2 = 10$

32. യുദ്ധം ചെയ്യാത്ത ശ്രീകൃഷ്ണനെ വരിച്ചതിന് അർജ്ജുനൻ പറയുന്ന കാരണമെന്ത് ?

33. വിദേശത്തു നിന്നു വരുന്ന മിഷനറിമാരെ ലേഖകൻ തരം തിരിക്കുന്നതെങ്ങനെ ?

34. മലയാളിക്ക് ശരിക്കുച്ചരിക്കാൻ വയ്യാത്ത പദങ്ങൾ ഒന്നുമുണ്ടാവില്ല എന്ന് ഗുപ്തൻനായർ പറയുന്നത് എന്തുകൊണ്ട് ?

35. കടലോര ജൈവസമൂഹ സംരക്ഷണത്തിന്റെ ആവശ്യമെന്ത് ?

36. വേലുക്കുറുപ്പും അനുചരരും വന്നതെന്തിന് ?

37. തുള്ളൽ അവതരിപ്പിയ്ക്കുന്നത് എങ്ങനെ ?

38. ദാമു തന്റെ അച്ഛനെക്കുറിച്ച് പറഞ്ഞതെന്തെല്ലാം ?

VII. **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക. ഓരോ ഉത്തരവും ആറ് വരിയിൽ കവിയരുത് : $3 \times 5 = 15$

39. ഗുണ്ടർട്ടിന്റെ മതേതര കൃതികൾ എന്തെല്ലാം ?

40. ബുദ്ധിമാന്മാർക്ക് ചിലപ്പോൾ ഇങ്ങനെ ചില അബദ്ധം പറ്റാറുണ്ടെന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ട് ?

41. ഗുംബാസിലെ ശവകുടീരങ്ങളെക്കുറിച്ച് എഴുതുക.

42. എം.എ. യുടെ വാചാപരീക്ഷ ലേഖകൻ അനുസ്മരിക്കുന്നത് എങ്ങനെ ?

43. നീലഗിരി ജൈവമണ്ഡല സംരക്ഷിത മേഖലയെക്കുറിച്ചെഴുതുക.

[ Turn over

VIII. ഒന്നിന് പതിനഞ്ചു വരിയിൽ ഉത്തരമെഴുതുക : 1 × 7 = 7

44. ഗുണ്ടർട്ടിന്റെ ഭാഷാസേവനം എന്ന പാഠത്തെ ആസ്പദമാക്കി മിഷനറിമാരുടെ പ്രവർത്തനങ്ങൾ വിവരിക്കുക.

45. മൈസൂരിലേക്കുള്ള യാത്രയിൽ ലേഖകന് ഉണ്ടായ അനുഭവം വിവരിക്കുക.

46. ജൈവമണ്ഡല സംരക്ഷണത്തെക്കുറിച്ച് ചുരുക്കി എഴുതുക.

47. 'ഒരു രക്ഷപ്പെടലിന്റെ കഥ' സ്വന്തം വാക്യത്തിൽ ചുരുക്കി എഴുതുക.

IX. വിപരീതപദം എഴുതുക : 5 × 1 = 5

48. സാമാന്യം

49. ഔചിത്യം

50. സൃഷ്ടി

51. പരിചിതം

52. സ്വീകരിക്കുക

X. അഞ്ചെണ്ണം വാക്യത്തിൽ പ്രയോഗിക്കുക : 5 × 1 = 5

53. ഹൃദിസ്ഥമാക്കുക

54. മനസ്സിടിയുക

55. അബദ്ധം പറ്റുക

56. സ്വാഭാവികം

57. സാവകാശം

58. കലശലായി